# അദ്ധ്യായം 4

# മയ്യഴിയിലെ മുനിസിപ്പാലിറ്റി

ജനാധിപത്യപ്രക്രിയയിൽ കീഴ്ത്തട്ടിലുള്ള ജനപങ്കാളിത്തം ഉറപ്പിക്കുന്നത് ത്രിതലപഞ്ചായത്തുകൾ വഴിയാണ്. ഇത്തരം പങ്കാളിത്തത്തിന്റെ സുദീർഘമായ ചരിത്രം മയ്യഴിക്കുണ്ട്. അതോടൊപ്പം ഈ പങ്കാളിത്തം നിഷേധിക്കുന്ന ജനാധിപത്യവിരുദ്ധതയുടെ ചരിത്രം അതിന് അനുബന്ധമായി ഉണ്ടെന്നും കാണാം.

ഫ്രഞ്ച് വിപ്ലവത്തിനുശേഷം ഫ്യൂഡലിസത്തിന്റെ അധികാരങ്ങൾ അവസാനിപ്പിച്ച് ജനകീയമായ ഭരണം സ്ഥാപിക്കുന്നതിന്റെ ഭാഗമായാണ് ഫ്രാൻസിൽ 1789 ഡിസംബർ 14-ന് അസംബ്ലി പാസ്സാക്കിയ നിയമത്തിലൂടെ മുനിസിപ്പാലിറ്റികൾ ഉടലെടുക്കുന്നത്. രാജ്യത്തെ നിരവധി ചെറുഘടകങ്ങളായ കൊമ്യൂണുകളാക്കിത്തിരിച്ച് അതിനെ പ്രാദേശികഭരണത്തിന്റെ അടിസ്ഥാനഘടകമാക്കി. ഓരോ ടൗണിനെയും, തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാരും മേയറും ചേർന്ന് ഭരണം നടത്തുന്ന കൊമ്യൂണുകളാക്കി. നിയമത്തിനുമുന്നിൽ തുല്യതയും ജനപങ്കാളിത്തവും നവോത്ഥാനമൂല്യങ്ങളും പ്രതിഫലിക്കുന്ന പ്രാദേശികഭരണമാണ് മുനിസിപ്പാലിറ്റികൾ സ്ഥാപിക്കുന്നതിലൂടെ ഫ്രാൻസ് ലക്ഷ്യമാക്കിയത്. പിൽക്കാലത്ത് നെപ്പോളിയൻ ചക്രവർത്തിയായപ്പോൾ മുനിസിപ്പൽ ഭരണത്തിനുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. എന്നിരുന്നാലും, ഫ്രഞ്ച് വിപ്ലവത്തിന്റെ ആശയങ്ങളിൽ വേരൂന്നിനില്ക്കുന്ന ജനപങ്കാളിത്ത

മുള്ള പ്രാദേശികഭരണം എന്ന ആശയം തുടർന്നു.

ഫ്രാൻസിലെ മുനിസിപ്പൽ സംവിധാനത്തിന്റെ ചുവടുപിടിച്ചാണ് ഇന്ത്യയിലെ അവരുടെ കോളനിപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റികൾ ആരംഭിക്കുന്നത്. എന്നാൽ, നെപ്പോളിയൻ ചക്രവർത്തി വരുത്തിയ നിയന്ത്രണങ്ങൾ കൂടുതൽ കർക്കശമായി കോളനി പ്രദേശങ്ങളിൽ അവർ പ്രയോഗിച്ചു. മുനിസിപ്പൽ കൗൺസിലുകൾ രൂപീകരിച്ചെങ്കിലും ഭരണപരമായ അധികാരം കോളനി അധികാരികൾക്കായിരുന്നു. മുനിസിപ്പാലിറ്റികൾ നിലവിൽ വരുന്നതിനു മുമ്പ് പരമ്പരാഗതമായി കോളനി പ്രദേശങ്ങളിൽ നിലവിലിരുന്ന അധികാര-ഭരണസംവിധാനവും കമ്പനി ഭരണാധികാരികളും ചേർന്നുള്ള ഭരണമായിരുന്നു നിലവിലിരുന്നത്. മയ്യഴിയുടെ കാര്യത്തിൽ, പൗരപ്രമുഖനായിരുന്ന തോലൻ ഫ്രഞ്ച് ഭരണത്തിന്റെ ഭാഗമാകുന്നത് അങ്ങനെയാണ്. 1793-ൽ മയ്യഴിയിൽ നിലവിൽവന്ന ഈ കൗൺസിലിന്റെ മേയർ ബൊയ്യേ (Boyer) ആയിരുന്നു.[1] ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും മയ്യഴിയുടെ ആധിപത്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ നടത്തുന്ന കാലമായിരുന്നു, അത്. പലപ്പോഴും ഫ്രഞ്ചുകാർക്ക് ഈ ദേശത്തിനുമേലുള്ള ആധിപത്യം നഷ്ടപ്പെട്ടിരുന്നു. അത്തരം ഇടവേളകളിലൊഴികെ കൃത്യമായ ഇടവേളകളിൽ മേയറെയും കൗൺസിലിനെയും തെരഞ്ഞെടുത്തിരുന്നു. 1890-കളിൽ മയ്യഴി മേയറായിരുന്ന എഡ്വേർഡ് ബ്രൂണോവിന്റെ ശവകുടീരം മയ്യഴി സിമിത്തേരിയിൽ മയ്യഴിയുടെ ചരിത്രകാരനായ സി. എച്ച്. ഗംഗാധരൻകണ്ടെത്തിയിട്ടുണ്ട്. ബ്രൂണോവിന്റെ കുടുംബത്തിന്റെ പിന്തുടർച്ചക്കാർ ഇന്നും മയ്യഴിയിലുണ്ട്.

1872-ൽ പുതുച്ചേരിയിൽ കൊളോണിയൽ അസംബ്ലി എന്ന ഒരു സംവിധാനമുണ്ടായിരുന്നു. 1879-ലെ ഡിക്രി പ്രകാരം അതിന്റെ സ്ഥാനത്ത് ഒരു ജനറൽ കൗൺസിൽ നിലവിൽ വന്നു. ഇരുപത്തിയെട്ട് അംഗങ്ങളാണ് അതിൽ ഉണ്ടായിരുന്നത്. അതിൽ പന്ത്രണ്ട് അംഗങ്ങൾ പോണ്ടിച്ചേരിയിൽനിന്നും എട്ട് അംഗങ്ങൾ കാരിക്കാലിൽനിന്നും നാല് അംഗങ്ങൾ ചന്ദ്രനാഗോറിൽനിന്നും രണ്ട് അംഗങ്ങൾ വീതം മയ്യഴിയിൽനിന്നും യാനം കൊമ്യൂണിൽ നിന്നുമായിരുന്നു. ജനകീയപ്രശ്നങ്ങളിലും ഭരണകാര്യത്തിലും ഗവർണറുടെ ഉപദേഷ്ടാവിന്റെ പദവിയാണ് ഈ ജനറൽ കൗൺസിലിന്

[1] J.P.B.More, Freedom Movement in French India,IRISH,2001,

ഉണ്ടായിരുന്നത്.[2] ഇതിന്റെ ഇതിന്റെ തുടർച്ചയായി പുതുച്ചേരിയുടെ ഭാഗമായ എല്ലാ പ്രവിശ്യകളിലും ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൗൺസിലുകൾ രൂപീകരിക്കപ്പെട്ടിരുന്നു. ഇവ കൊമ്യൂൺ മുനിസിപ്പാലിറ്റി കൗൺസിലുകളാണ്. പന്ത്രണ്ട് പേരുള്ള കൗൺസിൽ ആയിരുന്നു പോണ്ടിച്ചേരിയിൽ ഉണ്ടായിരുന്നത്. കാരിക്കാലിൽ പത്തു പേരും ചന്ദ്രനാഗോറിൽ എട്ടു പേരും മാഹിയിലും യാനത്തും ആറു പേരുമുള്ള കൗൺസിൽ ആയിരുന്നു.

മയ്യഴി ഉൾപ്പെടെയുള്ള ഫ്രഞ്ച്-ഇന്ത്യൻ പ്രവിശ്യകളിൽ ഫ്രഞ്ച് മെട്രോപൊലിറ്റൻ ഡിക്രിയുടെ അടിസ്ഥാനത്തിലുള്ള മുനിസിപ്പാലിറ്റികൾ സ്ഥാപിക്കപ്പെടുന്നത് 1880-ലാണ്. ഈ ഡിക്രി പ്രകാരം പോണ്ടിച്ചേരി പത്ത് കൊമ്യൂണുകളായി വിഭജിക്കപ്പെട്ടു. ഓരോ കൊമ്യൂണിലും പ്രാദേശികപ്രതിനിധികളെ ഉൾപ്പെടുത്തി മുനിസിപ്പൽ കൗൺസിൽ രൂപീകരിക്കാൻ വ്യവസ്ഥയുണ്ടായി. മാഹി ഒറ്റ കൊമ്യൂൺ ആയിരുന്നു. ഈ കൊമ്യൂണിനെ പന്ത്രണ്ട് വാർഡുകളായി തിരിച്ചു. ഓരോ വാർഡിനും ഒരു കൗൺസിലർ വീതം മുനിസിപ്പാലിറ്റി കൗൺസിലിലേക്ക് തെരഞ്ഞെടുക്കും. അതായിരുന്നു വ്യവസ്ഥ. ജനസംഖ്യാനുപാതികമായി കൗൺസിലർമാരും അവരുടെ മേധാവിയായി മേയറും ഡപ്യൂട്ടി മേയറും ഉണ്ടായിരുന്നു. ആറ് വർഷമാണ് മേയറുടെ കാലാവധി. മേയറെ കൗൺസിലർമാരാണ് തെരഞ്ഞെടുക്കുക. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് അധികാരംകൂടി അക്കാലത്ത് മേയർമാർക്കുണ്ടായിരുന്നു. മേയറുടെ ആസ്ഥാനം മെറീ (Mairie) എന്ന പേരിലാണ് അറിയപ്പെട്ടത്.

ഭരണത്തിലെ ജനപങ്കാളിത്തം എന്ന വിപ്ലവാത്മകമായ ആശയം ഉൾക്കൊള്ളുന്ന മുനിസിപ്പാലിറ്റി എന്ന സംവിധാനത്തെ ചക്രവർത്തിഭരണത്തിന്റെ നിയന്ത്രണത്തിലാക്കിയതുപോലെ ഇവിടെ കമ്പനി ഭരണാധികാരികളുടെ നിയന്ത്രണത്തിലായി മുനിസിപ്പാലിറ്റികൾ. എന്നിരുന്നാലും, പരമ്പരാഗതമായ ജാതിയുടെയും ജന്മിത്വത്തിന്റെയും നിയന്ത്രണങ്ങൾ കുറയ്ക്കുവാനും പരിഷ്കൃതമായ ജീവിതാവസ്ഥ നിലവിൽവരുത്തുവാനും മുനിസിപ്പാലിറ്റികൾ വഴിയൊരുക്കിയെന്ന് കാണാതിരുന്നുകൂട. 1721-ൽ മയ്യഴി ഫ്രഞ്ച് ഭരണത്തിൻ കീഴിലാവുന്നുണ്ടെങ്കിലും പത്തൊമ്പതാംനൂറ്റാണ്ടിന്റെ ആദ്യപകുതിവരെ ഭരണം പുതുച്ചേരിയിലെ ഫ്രഞ്ച് ഗവർണ്ണറുടെ നിയന്ത്രണത്തിൽ കമ്പനി ഭരണാധികാരികളും പട്ടാളവും

[2] J.P.More, Freedom Movement in French India, IRISH,2001, 51.

ചേർന്നാണ് നിർവ്വഹിച്ചിരുന്നത്. 1871-ലെ ഭരണപരിഷ്കാരങ്ങളെ ത്തുടർന്നാണ് ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന മുനിസിപ്പാലിറ്റി 1880-ൽ നിലവിൽ വരുന്നത്.

ഫ്രഞ്ച് നിയമം അനുസരിച്ച് രണ്ടുതരം പൗരന്മാർ കോളനി കളിൽ ഉണ്ടായിരുന്നു. ഫ്രാൻസിലോ അതിന്റെ നിയന്ത്രണത്തി ലുള്ള രാജ്യങ്ങളിലോ ഫ്രഞ്ചുകാരായ മാതാപിതാക്കളുടെ മക്കളായി ജനിച്ചവരാണ് ഫ്രഞ്ച് പൗരർ. ഇവരെ സിത്തോയേൻ ഫ്രാൻസേ (Citoyens Français) എന്ന് വിളിക്കും. ഫ്രഞ്ച് ഭരണത്തിൻ കീഴിലുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ ഫ്രഞ്ച് പ്രജകളാണ്. ഇവരെ സ്യൂഴേ ഫ്രാൻസേ (Sujets Français) എന്നാണ് വിളിച്ചിരു ന്നത്. ഇതിലെ രണ്ട് വിഭാഗത്തിലുമുള്ള സ്ത്രീകൾക്ക് വോട്ടുചെയ്യാൻ 1940-വരെ അവകാശമുണ്ടായിരുന്നില്ല. ഫ്രാൻസിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കുന്നത് 1940-ലാണ്. നാല്പതുകളുടെ അവസാ നത്തിലാണ് കോളനി പ്രദേശങ്ങളിലെ സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കുന്നത്. ഫ്രഞ്ച് പ്രജകളിൽ എല്ലാവർക്കും വോട്ടവകാശം നല്കിയിരുന്നില്ല. കോളനി ഭരണാധികാരികൾ തയ്യാറാക്കിയ സമ്മതിദായകരുടെ പട്ടികയിൽ ഉൾപ്പെട്ടാൽ മാത്രമേ വോട്ടുചെ യ്യാനാകൂ. ഇരുപത്തിയഞ്ച് വയസ്സ് പൂർത്തിയായ പുരുഷന്മാരെ മാത്രമേ വോട്ടറാകാൻ പരിഗണിച്ചിരുന്നുള്ളൂ. സ്ഥിരതാമസം, നികുതിയടക്കുന്നവർ എന്നിവയുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് പൗരർക്കു തുല്യം പരിഗണിക്കപ്പെട്ടവരെയാണ് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുക. ക്രിമിനൽ കുറ്റവാളിയോ തടവുശിക്ഷ അനുഭവി ച്ചവരോ ആണെങ്കിൽ വോട്ടവകാശം ലഭിക്കില്ല.

മുനിസിപ്പൽ അധികാരികൾ തയ്യാറാക്കുന്ന സമ്മതിദായക പ്പട്ടിക കൊളോണിയൽ അധികാരികളുടെ അംഗീകാരത്തിനായി സമർപ്പിക്കും. അവരുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ വോട്ടവ കാശം കിട്ടുകയുള്ളൂ. ഈ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പരാതികളും വിയോജിപ്പുകളും നിശ്ചിതസമയത്തിനകം രേഖപ്പെടുത്താൻ പൗരന്മാർക്കും പ്രജകൾക്കും അവകാശമുണ്ടാ യിരുന്നു. വോട്ടർപട്ടിക മൂന്നായി വിഭജിക്കപ്പെട്ടതായിരുന്നു. ഒന്നാം പട്ടികയിൽ യൂറോപ്യൻ വംശജരായ ഫ്രഞ്ചുകാരെ മാത്രമേ ഉൾപ്പെടുത്തുകയുള്ളൂ. രണ്ടാമത്തെ പട്ടികയിൽ ഫ്രഞ്ച് പ്രജകളായ സങ്കരവർഗ്ഗക്കാരായിരിക്കും ഉണ്ടാവുക. മൂന്നാമത്തെ പട്ടികയി ലാണ് സ്യൂഴേ ഫ്രാൻസേ എന്ന വിഭാഗത്തിൽപ്പെട്ട ഇന്ത്യക്കാരെ

ഉൾക്കൊള്ളിക്കുക. പുതുച്ചേരിയിൽ ഒന്നാം പട്ടികയിൽ നിന്നു ള്ളവരെ മാത്രമേ മേയർ പദവിക്ക് പരിഗണിച്ചിരുന്നുള്ളൂ. 1930-വരെ ഈ വ്യവസ്ഥ തുടർന്നിരുന്നു. എന്നാൽ, ഈ നിബന്ധന മയ്യഴിയുടെ കാര്യത്തിൽ പാലിച്ചിരുന്നില്ല എന്നത് കൗതുകകരമാണ്.

തെരഞ്ഞെടുപ്പിന്റെ ഔദ്യോഗികമായ പ്രഖ്യാപനം പ്രാദേശി കഭരണം നിർവ്വഹിക്കുന്ന അഡ്മിനിസ്ട്രേറ്ററോ പുതുച്ചേരിയിലെ ഫ്രഞ്ച് ഗവർണ്ണറോ പുറപ്പെടുവിക്കും. കൊമ്യൂണുകളിൽ സ്ഥിരതാ മസക്കാരായ സമ്മതിദായകർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാം. ക്രിമിനൽ കുറ്റങ്ങൾ ഇല്ലാത്തവർക്കു മാത്രമേ മത്സരിക്കാനുള്ള അവകാശവും നല്കൂ. ഓരോ സമ്മതിദായകനും തിരിച്ചറിയൽ കാർഡ് നല്കും. വോട്ടുചെയ്യാൻ ഈ കാർഡ് ഹാജരാക്കേണ്ടതാണ്. രഹസ്യബാലറ്റ് വഴിയാണ് തെരഞ്ഞെടുപ്പ് നടക്കുക. ഓരോ സ്ഥാ നാർത്ഥിക്കുമുള്ള വോട്ട് അവരുടെ പേരെഴുതി ഒരുക്കിയ പ്രത്യേകം പെട്ടികളിലാണ് ഇടേണ്ടത്. തെരഞ്ഞെടുപ്പിനുശേഷം വോട്ട് എണ്ണി വിജയിയെ പ്രഖ്യാപിച്ചു കഴിഞ്ഞാൽ ബാലറ്റുകൾ സൂക്ഷിച്ചുവെ ക്കില്ല. അവ കത്തിച്ചുകളയണം എന്നതാണ് വ്യവസ്ഥ. ഇങ്ങനെ കത്തിച്ച് ചാമ്പലാക്കിയ ബാലറ്റുകളുടെ വെണ്ണീർ ഭസ്മമായി തോറ്റ സ്ഥാനാർത്ഥികളുടെ നെറ്റിയിൽ കുറി തൊടുമായിരുന്നുവത്രെ.

മയ്യഴിയിൽ 1880-ൽ തന്നെ മയ്യഴിക്കാരനായ മേയർ ഉണ്ടാ യിരുന്നു. നാലുപുരയിൽ വടുവൻകുട്ടി വക്കീലാണ് ആദ്യത്തെ മയ്യഴിക്കാരനായ മേയർ. അദ്ദേഹം 1870-ൽ വാർഡ് കൗൺസിലർ ആയിരുന്നു. 1880-ൽ മേയർപദവി വഹിക്കുമ്പോൾ പുതുച്ചേരി ജനറൽ കൗൺസിലിലേക്ക് മത്സരിക്കുകയും 1882-ൽ തെര ഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പയ്യനാടൻ ബാപ്പു ആയിരുന്നു അദ്ദേഹത്തിന്റെ ഡെപ്യൂട്ടി മേയർ. ആ സമയത്തെ കൗൺസി ലർമാർ ജന്മിമാരായ എറംപള്ളി കേളപ്പൻ, മനയിൽ മൊയ്തീൻകുട്ടി പുതിയപുരയിൽ കാരോട്ട് അബ്ദുള്ള, നടായി കണാരൻ തുടങ്ങിയവ രായിരുന്നു.

1888-ൽ പുന്ന രാമോട്ടി പുതുച്ചേരിയിലെ ജനറൽ കൗൺസിലി ലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തൊട്ടടുത്ത വർഷം (1889) അദ്ദേഹം മയ്യഴി മേയറായി തെരഞ്ഞെടുക്കപ്പെട്ടു. ഈ പദവിയിൽ ഒന്നാം ലോക മഹായുദ്ധം അവസാനിക്കുന്നതുവരെ, 1918-വരെ, അദ്ദേഹം തുടർന്നു. ഇദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കൗതു

കകരമായ സംഭവങ്ങൾ ജെ. പി. ബി. മോറെ[3] കണ്ടെത്തിയിട്ടുണ്ട്. പുതുച്ചേരി മേയറും പർത്തി ഫ്രാൻസേ (Parti Français) നേതാവുമായ ഗെയ്ബേലെ (Henri Gaebelé) പുന്ന രാമോട്ടി മയ്യഴിയിൽ മേയറാവുന്നത് തടയാൻ ശ്രമിച്ചു. ഇതിനായി പുന്ന രാമോട്ടിയെ പിന്തുണയ്ക്കുന്ന കൗൺസിലർമാരായ പോനാട്ടിൽ കരിയൻകണ്ടി ബാവൂട്ടി, പൊയ്യിൽ കുഞ്ഞിരാമൻ നായർ, പൊയ്യിൽ കുഞ്ഞിക്കുട്ടി എന്നിവരുടെ തെരഞ്ഞെടുപ്പ് അസാധുവാക്കാൻ വക്കീലും നോട്ടറിയുമായ കണ്ടോത്ത് എറമ്പാളി ഗോപാലൻ വഴി 1908-ൽ കേസ് കൊടുത്തു. ഗെയ്ബേലെയുടെ എതിരാളിയും പർത്തി ഇന്ത്യേൻ (Parti Indien) നേതാവുമായ ഫ്രഞ്ചുകാരനായ സുഹൃത്ത് ഗസ്റ്റോൻ പിയേർ (Gaston Pierre) പുന്ന രാമോട്ടിയുടെ ഉറ്റ സുഹൃത്തായിരുന്നു. അദ്ദേഹം രാമോട്ടി വക്കീലിനു വേണ്ടി വാദിച്ച കേസിൽ എതിർപക്ഷം പരാജയപ്പെട്ടു. പക്ഷെ, ഇതിനിടയിൽ ഒന്നാം പട്ടിക വോട്ടർമാർ അവരുടെ മേയറെയും ഡപ്യൂട്ടി മേയറെയും നിയമിച്ചിരുന്നു. അത് നിയമവിരുദ്ധമായതിനാൽ കൗൺസിൽ പിരിച്ചുവിടുകയും മുനിസിപ്പൽ കമ്മീഷനെ നിയമിക്കുകയും ചെയ്തു. 1911-ലെ തെരഞ്ഞെടുപ്പിലും നേരത്തെ വിജയിച്ചവർ തന്നെയാണ് ജയിച്ചത്. പുന്ന രാമോട്ടി മേയറായി തുടരുകയും ചെയ്തു.

1919-ൽ നടന്ന തെരഞ്ഞെടുപ്പിൽ മേയറായി വിജയം നേടിയത് പിൽക്കാലത്ത് പുതുച്ചേരിയിലെ വിദ്യഭ്യാസമന്ത്രിയായിരുന്ന സി. ഇ ഭരതന്റെ പിതാവായ അഭിഭാഷകൻ കണ്ടോത്ത് എറമ്പാളി ഗോപാലനാണ്. കക്കോട്ട് ചെറിയത്ത് പക്കിയായിരുന്നു ഡെപ്യൂട്ടി മേയർ. ആ കാലത്ത് മേയർമാർക്ക് ചില പ്രദേശങ്ങളുടെ ചുമതലയോടെ സ്പെഷ്യൽ ഡെപ്യൂട്ടിയായി ഒരാളെ നിയമിക്കാമായിരുന്നു. പൊയിൽ കുഞ്ഞിരാമൻ നായരായിരുന്നു ആ പദവി വഹിച്ചിരുന്നത്. 1925-ൽ കൊട്ടാരത്ത് പോനാരി നാരായണൻ നായർ മയ്യഴി മേയർ പദവി വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ഡപ്യൂട്ടി മേയർ കക്കോട്ട് ചെറിയത്ത് പക്കി, സ്പെഷൽ ഡപ്യൂട്ടി നാമത്ത് നടായികാരായി ഗോവിന്ദൻ എന്നിവരായിരുന്നു. 1928-ൽ ഗോപാലൻ വക്കീൽ വീണ്ടും മേയറായി. അതേവർഷം അദ്ദേഹം പുതുച്ചേരി ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. രണ്ട് ഡപ്യൂട്ടി മേയർമാർ ഇദ്ദേഹത്തിന് ഉണ്ടായിരുന്നു. കക്കോട്ട് ചെറിയത്ത് പക്കി, ചിരുകണ്ടോത്ത് ഉണ്ണി നമ്പ്യാർ എന്നിവരായിരുന്നു, അവർ. ഇതിനു പുറമെ സ്പെഷൽ ഡപ്യൂട്ടി മേയറായി മാനത്ത് കാരായി

[3] J. P. B. More, Freedom Movement in French India, IRISH,2001, 57.

ഗോവിന്ദനും ഉണ്ടായിരുന്നു.

1931-ൽ നാലുപുരയിൽ കുടുംബാംഗവും അഭിഭാഷകനുമായ എൻ. സഹദേവൻ മേയറായി. 1920-ലും 1928-ലും പുതുച്ചേരി ജനറൽ കൗൺസിൽ അംഗമായിരുന്നു നാലുപുരയിൽ സഹദേവൻ വക്കീൽ. മയ്യഴിയിലെ പ്രബലരായ ജന്മിമാരുടെ പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. കണ്ടോത്ത് കിഴക്കേവീട്ടിൽ ഗോവിന്ദൻ നമ്പ്യാർ, നാമത്ത് നടായി കാരായി ഗോവിന്ദൻ, മയിലക്കര കുടുംബാംഗമായ വളപ്പിൽ കുഞ്ഞഹമ്മദ്, (വട്ടക്കാരി അഹമ്മദ്കുട്ടി എന്ന പേരിലും ഇദ്ദേഹം അറിയപ്പെട്ടു.) കക്കാട്ട് കുഞ്ഞിക്കണ്ണൻ (കക്കാട്ട് വാച്ചാലി കൃഷ്ണൻ എന്നൊപേരിൽ അറിയപ്പെട്ട വ്യക്തി.) എന്നിവർ അദ്ദേഹത്തെ പിന്തുണച്ചവരിൽ പ്രധാനപ്പെട്ടവരാണ്. കണ്ടോത്ത് കിഴക്കെവീട്ടീൽ ഗോവിന്ദൻ വക്കീലും വി. ഗോവിന്ദനും ഡപ്യൂട്ടി മേയറായിരുന്നു. സ്പെഷൽ ഡപ്യൂട്ടി മേയറായി നാമത്ത് നടായി കാരായി ഗോവിന്ദൻ നിയമിക്കപ്പെട്ടു. കക്കാട്ട് കുന്നത്തേടത്തിൽ കുമാരൻ അക്കാലത്ത് ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

1931-ലെ മുനിസിപ്പൽ കൗൺസിൽ ഡിസംബർ 30-ന് മേയർ സഹദേവന് ഭൂരിപക്ഷമില്ലെന്ന കാരണത്താൽ പിരിച്ചുവിട്ടു. തുടർന്ന് ഏഴ് അംഗങ്ങളുള്ള ഒരു മുനിസിപ്പൽ കമ്മീഷനെ നിയമിച്ചു. എൻ. സഹദേവൻ, കക്കോട്ട് ചെറിയത്ത് പക്കി, പൊയ്യിൽ ശങ്കരൻ നായർ, വലിയവീട്ടിൽ ഗോവിന്ദൻ, അമ്മാഞ്ചേരി ഗോപാലൻ, എന്നിവർ കമ്മീഷനിലെ അംഗങ്ങളായിരുന്നു. 1932 ഫെബ്രുവരിയിൽ എൻ. സഹദേവൻ വീണ്ടും തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിലെത്തി. ഈ തെരഞ്ഞെടുപ്പ് ചോദ്യംചെയ്ത് തെരഞ്ഞെടുപ്പ് കേസ് ഫ്രഞ്ച് അഡ്മിനിസ്ട്രേറ്റീവ് കോടതിക്കു മുമ്പാകെ വന്നു. എം. സി. അച്യുതൻ, ഐ. കെ. കുമാരൻ തുടങ്ങിയവരായിരുന്നു ഹരജിക്കാർ. ഈ കേസ് കോടതി തള്ളി.

ഫ്രഞ്ച് അനുകൂലികളായ പ്രമുഖർക്ക് ഫ്രഞ്ച് സർക്കാരിൽനിന്ന് അംഗീകാരവും പുരസ്കാരങ്ങളും വാങ്ങിക്കൊടുത്ത് കൂടെ നിറുത്തുന്നതിന്റെ ഉദാഹരണമാണ് മേയർ സഹദേവന് നല്കിയ ഷെവലിയേർ പട്ടം. ഷെവലിയേർ ദ ല ലെജ്യോം ദൊനേർ എന്നതാണ് അദ്ദേഹത്തിന് നല്കിയ പട്ടത്തിന്റെ പേര്.

1937 മെയ് 2ന് എൻ. സഹദേവൻ വീണ്ടും മേയറായി. സി. സി. സുകുമാരൻ ഡപ്യൂട്ടി മേയറുമായി. സ്പെഷൽ ഡപ്യൂട്ടിമാരായി നാമത്ത് നടായി കാരായി ഗോവിന്ദനും പടിക്കോത്ത് നടേമ്മൽ കുഞ്ഞിമന്ദനെയും നിയമിച്ചു. ഈ കൗൺസിലിൽ കണ്ടോത്ത് കിഴക്കെ വീട്ടിൽ ഗോവിന്ദൻ നമ്പ്യാരും പോന്തയാട്ട് ചെറിയ കുഞ്ഞിരാമൻ നായരും അംഗങ്ങളായിരുന്നു. ഈ കൗൺസിലിനെതിരെയും ദേശീയവാദികൾ വിയോജിപ്പ് പ്രകടിപ്പിച്ച് പുതുച്ചേരിയിലെ ഫ്രഞ്ച് അധികാരികളെ സമീപിച്ചു. അവരുടെ വാദം അംഗീകരിച്ച് കൗൺസിലിനെ പിരിച്ചുവിടുകയും മുൻസിപ്പൽ കമ്മീഷനെ നിയമിക്കുകയും ചെയ്തു.

1946-ൽ നിർണ്ണായകമായ രാഷ്ട്രീയമാറ്റങ്ങൾ പുതുച്ചേരിയിൽ സംഭവിക്കുന്നുണ്ട്. ഷാൾസ് ഫ്രാൻസ്വാ ബറോൺ (Charles François Baron) ഫ്രഞ്ച് ഗവർണ്ണറായി പുതുച്ചേരിയിൽ ചുമതല ഏല്ക്കുന്നത് ഈ വർഷത്തിലാണ്. സോഷ്യലിസ്റ്റ് പക്ഷക്കാരനായി അറിയപ്പെട്ട ബറോന്റെ കീഴിൽ നടക്കുന്ന തെരഞ്ഞെടുപ്പ് നീതിപൂർവ്വം ആയിരിക്കുമെന്ന പ്രതീക്ഷ ദേശീയവാദികൾ പുലർത്തിയിരുന്നു. ജൂണിൽ നടന്ന തെരഞ്ഞെടുപ്പിൽ ഫ്രഞ്ച് അനുകൂലികളുടെ മുന്നണിയായ നാഷണൽ ഡമോക്രാറ്റിക് ഫ്രണ്ടിനെതിരെ മഹാജനസഭ മത്സരിച്ചു. മയ്യഴിയിലെ ഏഴ് സീറ്റുകളിൽ ഫ്രഞ്ച് അനുകൂലികളും അഞ്ച് സീറ്റുകളിൽ മഹാജനസഭയും വിജയിച്ചു. ഈ തെരഞ്ഞെടുപ്പ് ഫലം കൃത്രിമമായി ഫ്രഞ്ച് അനുകൂലികൾ തങ്ങൾക്ക് അനുകൂലമാക്കിയതാണെന്ന് മഹാജനസഭ വാദിച്ചു. മൊത്തം വോട്ടുകളിൽ നാഷണൽ ഡമോക്രാറ്റിക് ഫ്രണ്ടിന് കിട്ടിയതിനെക്കാൾ 144 വോട്ട് മഹാജനസഭയ്ക്ക് അധികം ലഭിച്ചിരുന്നു. അതിന് ആനുപാതികമായ സീറ്റുകൾ ലഭിക്കാതിരിക്കാൻ കാരണം ഫ്രഞ്ച് അനുകൂലികൾക്ക് കൂടുതൽ സീറ്റുകൾ വരുന്ന വിധത്തിൽ വാർഡുകൾ കുതന്ത്രം പ്രയോഗിച്ച് ക്രമീകരിച്ചതാണെന്ന് മഹാജനസഭ വാദിച്ചു. ഇത് ഫ്രഞ്ച് ഗവർണ്ണറുടെ ഒത്താശയോടെയാണ് നടന്നതെന്നും മഹാജനസഭ ആരോപിച്ചു,

കൗൺസിൽ മേയറെ തെരഞ്ഞെടുക്കുന്ന യോഗം മഹാജനസഭ ബഹിഷ്കരിച്ചു. സി. സി. സുകുമാരൻ മേയറായി. അദ്ദേഹത്തിന്റെ ഡപ്യൂട്ടി മേയർമാരായി നാലുപുരയിൽ സഹദേവനും മയലക്കര മുഹമ്മദും തെരഞ്ഞെടുക്കപ്പെട്ടു. പന്തക്കൽ, പള്ളൂർ ദേശങ്ങളുടെ ചുമതലയുള്ള ഡപ്യൂട്ടികളായി കണ്ടോത്ത് കിഴക്കെ

വീട്ടിൽ ഗോവിന്ദൻ നമ്പ്യാർ, പടിക്കോത്ത് നടേമ്മൽ കുഞ്ഞിമന്ദൻ എന്നിവരെയും തെരഞ്ഞെടുത്തു. വളവിൽ കൃഷ്ണൻ, പോന്തയാട്ട് അനന്തൻ നായർ, കുമ്മായ പത്മനാഭൻ, വി. എൻ. പുരുഷോത്തമൻ എന്നീ അംഗങ്ങളെ ഉപയോഗിച്ച് ഐ. കെ. കുമാരൻ മാസ്റ്റർ സുകുമാരൻ-സഹദേവൻകൂട്ടുകെട്ട് രാഷ്ട്രീയത്തെ പ്രതിരോധിച്ചു. ഇതേ അവസരത്തിൽ, ജനറൽ അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ മഹാജനസഭയുടെ പിന്തുണയോടെ മത്സരിച്ച വളവിൽ ഗോവിന്ദൻ, വി. എൻ. പുരുഷോത്തമൻ , പത്മനാഭൻ കുന്നുമ്മ എന്നിവർ നാഷണൽ ഡമോക്രാറ്റിക് ഫ്രണ്ടിന്റെ സ്ഥാനാർത്ഥികളെ പരാജയപ്പെടുത്തിയത് ഫ്രഞ്ചനുകൂലികൾക്ക് വലിയ ആഘാതമായി. മഹാജനസഭ മയ്യഴിയിലെ കരുത്തുറ്റ രാഷ്ട്രീയ പ്രസ്ഥാനമായി വളർന്നുകഴിഞ്ഞു എന്നതിന്റെ വിളംബരമായി 1946-ലെ മുനിസിപ്പൽ തെരഞ്ഞെടുപ്പുഫലം.

1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം നേടുന്ന ദിവസം മയ്യഴിയിലെ ദേശീയവാദികളുടെ വീടുകളിൽ ദേശീയപതാക ഉയർത്തിയിരുന്നു. മയ്യഴി അഡ്മിനിസ്ട്രേറ്ററുടെ ബംഗ്ലാവിനു മുന്നിൽ ഇന്ത്യയുടെയും പാക്കിസ്ഥാന്റെയും പതാകകൾ ഫ്രഞ്ച് പതാകയോടൊപ്പം ഉയർത്തിയിരുന്നത്രെ. ദേശീയവാദികളായ വിദ്യാർത്ഥികൾ അതിലെ ഫ്രഞ്ച് പതാക ബലമായി അഴിച്ചുമാറ്റിയത്രെ. എന്തു തന്നെയായാലും മയ്യഴി മുനിസിപ്പാലിറ്റിയിൽ സ്വാതന്ത്ര്യദിനത്തിൽ മേയർ സി. സി. സുകുമാരൻ ദേശീയ പതാക ഉയർത്തി. പുതുച്ചേരിയിലെ ഫ്രഞ്ച് അധികാരികളുടെയോ മയ്യഴിയിലെ അഡ്മിനിസ്ട്രേറ്ററുടെയോ നിർദ്ദേശമോ അനുമതിയോ ഇല്ലാതെയാണ് അദ്ദേഹം ഈ തീരുമാനം കൈക്കൊണ്ടത്. ദേശീയവാദികളുടെ സ്വാധീനം അത്രത്തോളം ആഴത്തിൽ മയ്യഴിയിൽ വ്യാപിച്ചു കഴിഞ്ഞിരുന്നുവെന്നതിന്റെ തെളിവായി വേണം ഇതിനെ മനസ്സിലാക്കാൻ. ഏതാനും മാസങ്ങൾ കഴിയുന്നതുവരെ ഇന്ത്യൻ ദേശീയപാതാക ഉയർത്തുന്ന രീതി തുടർന്നു. സ്വാതന്ത്ര്യപ്രാപ്തിയുടെ ആവേശം പതുക്കെ കെട്ടടങ്ങുന്നതുവരെ കാത്തിരുന്ന അഡ്മിനിസ്ട്രേറ്റർ പെരിയെ വീണ്ടും ഫ്രഞ്ച് പതാക ഉയർത്താൻ മേയറോട് ആവശ്യപ്പെട്ടു. അത് അദ്ദേഹം അനുസരിക്കുകയും ചെയ്തു.

രണ്ടാമത്തെ അദ്ധ്യായത്തിൽ പരാമർശിച്ച ഫ്രഞ്ച് അംബാസഡർ സ്റ്റാനിസ്ലാസ് ഒസ്തറോ (Stanislas Ostroróg) പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു എന്നിവർ തമ്മിൽ നടന്ന സംഭാ

ഷണത്തിന്റെ ഫലമായി 1948 ജൂൺ 8-ന് ഒരു ഉത്തരവ് ഫ്രഞ്ച് ഗവർണ്ണർ പുറപ്പെടുവിച്ചു. ഫ്രഞ്ച് ഇന്ത്യൻ പ്രദേശങ്ങളിൽ മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്തുകയും തെരഞ്ഞെടുത്ത കൗൺസിൽ ഫ്രഞ്ച് ഭരണം തുടരണമോ എന്ന വിഷയത്തിലുള്ള ജനഹിത പരിശോധനാഫലം അറിയിക്കണമെന്നും അതിൽ വ്യവസ്ഥ ചെയ്യപ്പെട്ടു. നേരത്തെ പറഞ്ഞതുപോലെ, ദേശീയവാദികളുടെ കനത്ത സ്വാധീനം അടിത്തട്ടോളം വ്യാപിച്ച മയ്യഴിയിൽ ജയിക്കാൻ സാധിക്കില്ലെന്ന് ഫ്രഞ്ച് അനുകൂലികൾക്ക് അറിയാമായിരുന്നു. അതിനാൽ അവർ സൃഷ്ടിച്ച പ്രശ്നങ്ങളായിരുന്നു അപ്രതീക്ഷിതമായ 1948 ഒക്ടോബറിലെ മയ്യഴി വിപ്ലവത്തിന് വഴിയൊരുക്കിയത്. ഇതിന്റെ വിശദാംശങ്ങൾ രണ്ടാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്.

മയ്യഴി വിപ്ലവത്തിലൂടെ സ്വതന്ത്രമാക്കപ്പെട്ട മയ്യഴി ഏറ്റെടുത്ത് ഇന്ത്യൻ യൂനിയന്റെ ഭാഗമാക്കാൻ ഇന്ത്യാ സർക്കാർ തയ്യാറായില്ല. അതിനാൽ ഫ്രഞ്ച് നാവികസേന മയ്യഴിയിലെത്തി അധികാരം പുനഃസ്ഥാപിച്ചു. അതോടെ പഴയ ഫ്രഞ്ച് സ്ഥാപനങ്ങളെല്ലാം വീണ്ടും പ്രവർത്തിക്കുവാൻ തുടങ്ങി. പുതുച്ചേരി, കാരിക്കാൽ, യാനം എന്നിവിടങ്ങളിൽ നേരത്തെ നിശ്ചയിച്ചതുപോലെ ഒക്ടോബർ 24-ന് തെരഞ്ഞെടുപ്പ് നടന്നിരുന്നു. അവിടെയെല്ലാം ഫ്രഞ്ചനുകൂല വിധിയെഴുത്തായിരുന്നു. മയ്യഴിയിൽ തെരഞ്ഞെടുപ്പിനെക്കുറിച്ച് ആലോചിക്കുവാൻപോലും സാധിക്കാത്ത വിധത്തിലുള്ള രാഷ്ട്രീയസാഹചര്യമാണ് 48-ലെ ഒക്ടോബർ വിപ്ലവം കാരണം സൃഷ്ടിക്കപ്പെട്ടത്. ദേശീയരാഷ്ട്രീയത്തിലും കൊളോണിയൽ വിരുദ്ധമായ ശക്തമായ നിലപാടുകൾ തുടരുകയായിരുന്നു. ഗാന്ധിയൻ സമരമാർഗ്ഗമല്ലാതെ ബലപ്രയോഗം നടത്തില്ലെന്ന നിലപാടാണ് ഇന്ത്യാ സർക്കാർ കൈക്കൊണ്ടത്. ദേശീയവാദികളെല്ലാം മയ്യഴിക്ക് പുറത്താണ് എന്നതിനാൽ സുരക്ഷിതമായി ജയിക്കാവുന്ന അവസ്ഥ ഫ്രഞ്ചനുകൂലികൾക്ക് ലഭിച്ചു. അവർ 1949 ഫെബ്രുവരി 27-ന് മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്തി ഫ്രഞ്ചനുകൂല വിധിയെഴുത്ത് മയ്യഴിയിലും എന്ന് വരുത്തിത്തീർത്തു. നാലുപുരയിൽ സഹദേവനായിരുന്നു മേയർ. ഡപ്യൂട്ടി മേയർ മുഹമ്മദ് കുഞ്ഞി.

1954-ൽ സ്വാതന്ത്ര്യസമരഭടന്മാർ മയ്യഴി ഉപരോധം സൃഷ്ടിച്ചപ്പോൾ മയ്യഴിയിലെ സർക്കാർ ഉദ്യോഗസ്ഥരും മുനിസിപ്പൽ കൗൺസിലർമാരും പൊതുജനങ്ങളും അതിർത്തി കടന്ന് സമരഭടന്മാരോടൊപ്പം ചേർന്നു. 1954 ജൂൺ 30ന് മയ്യഴി മേയറായ

നാലുപുരയിൽ സഹദേവൻ മയ്യഴിയെ ഇന്ത്യൻ യൂനിയനിൽ ലയിപ്പിക്കണമെന്ന പ്രമേയത്തിൽ ഒപ്പുവെച്ചു. അദ്ദേഹത്തോടൊപ്പം ഫ്രഞ്ച് അസംബ്ലി അംഗങ്ങളായ ഡോ. വി. ശങ്കരൻ, എൻ. ബാലഗോപാലൻ വക്കീൽ എന്നിവരും പ്രമേയത്തിൽ ഒപ്പുവെച്ചു. തുടർന്ന് അവരെല്ലാം അതിർത്തി കടന്ന് സമരഭടന്മാരോടൊപ്പം ചേർന്നു. ഫ്രഞ്ചുകാർ മയ്യഴി വിട്ടൊഴിഞ്ഞുപോകുമ്പോൾ നിലവിലുണ്ടായിരുന്ന ഈ മുനിസിപ്പൽ കൗൺസിൽ സ്വതന്ത്ര മയ്യഴിയിൽ യോഗം ചേർന്ന് ഇന്ത്യൻ യൂനിയനിൽ ലയിപ്പിക്കണമെന്ന പ്രമേയം 1954 ഒക്ടോബർ 18-ന് വീണ്ടും പാസ്സാക്കി.

മയ്യഴി വിമോചനത്തിന്റെ തൊട്ടടുത്ത വർഷം, 1955-ൽ പുതിയ മുനിസിപ്പൽ കൗൺസിലിനായുള്ള തെരഞ്ഞെടുപ്പ് നടന്നു. വളവിൽ കേശവൻ വക്കീൽ മേയറായും എൻ. ചക്രപാണി ഡപ്യൂട്ടി മേയറായും തെരഞ്ഞെടുക്കപ്പെട്ടു. പി. വി. കൃഷ്ണൻ, പി. എൻ. കുഞ്ഞിമന്ദൻ, വി. കെ. അച്യുതൻ വൈദ്യർ, പി. എൻ. കുമാരൻ, പി. ഗോവിന്ദൻ, വി. എൻ. പുരുഷോത്തമൻ, എ. സി. കാദർ, എൻ. ചക്രപാണി, പി. കെ. രാമൻ, എ. അനന്തൻ എന്നിവരാണ് കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടത്.

1954 നവംബർ 1-ന് പഴയ ഫ്രഞ്ചധീനപ്രദേശങ്ങൾ ഇന്ത്യൻ യൂനിയന്റെ ഭാഗമായി ഡിഫാക്ടോ (De facto) കൈമാറ്റംനടന്നു. 1956 മെയ് മാസത്തിലാണ് കൈമാറ്റത്തിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ട്രീറ്റി ഓഫ് സെഷൻ ഒപ്പുവെക്കുന്നത്. ഫ്രഞ്ച് പാർലമെന്റ് ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഡ ഴൂർ (De jour) കൈമാറ്റം നടക്കുന്നത് 1962 ഓഗസ്റ്റ് 16-നാണ്. ഫ്രഞ്ച് ഇന്ത്യൻ വിമോചനത്തെ വളരെ താല്പര്യപൂർവ്വം കണ്ട ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്രു 1955 ഡിസംബർ 28ന് മയ്യഴി സന്ദർശിച്ചു. ആ സന്ദർഭത്തിൽ നെഹ്രുവിന് മയ്യഴി മുനിസിപ്പാലിറ്റിയുടെ മേയർ വളവിൽ കേശവൻ വക്കീൽ ഒരു മംഗളപത്രം സമർപ്പിച്ചു. മംഗളപത്രം ഫ്രഞ്ചിലാണ് തയ്യാറാക്കി സമർപ്പിച്ചത്. അതിന്റെ മലയാളവിവർത്തനവും വായിച്ച് വിതരണം ചെയ്തു. മംഗളപത്രത്തിന്റെ പൂർണ്ണരൂപം താഴെ കൊടുക്കുന്നു:

മയ്യഴിനിവാസികളുടെ പേരിലും മുൻസിപ്പൽ കൌൺസിൽ അംഗങ്ങളായ എന്റെ സഹസാമാജികന്മാരുടെ പേരിലും എന്റെ സ്വന്തം പേരിലും ഞങ്ങളുടെ ഈ ചെറുപട്ടണത്തിൽ ഞാൻ

അങ്ങയെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തുകൊള്ളുന്നു.

ഈ നൂറ്റാണ്ടിലെ ആരാദ്ധ്യനും സുപ്രശസ്തമായ ഒരു രാജ്യതന്ത്രജ്ഞൻ, ലോകത്തിനൊട്ടുക്കുമുള്ള ഒരു ശാന്തിസന്ദേശപ്രവാചകൻ, സ്വതന്ത്രേന്ത്യയുടെ പ്രാഭവം തികഞ്ഞ ഒരു വീരജനയിതാവ്, ഇന്ത്യൻ ഭരണകൂടത്തിന്റെ മഹാർഹനായ സാരഥി എന്നീ നിലകളിൽ പ്രശോഭിക്കുന്ന അങ്ങയെ സ്വീകരിക്കുവാൻ കൈവന്ന ഈ സന്ദർഭത്തിൽ ഞങ്ങളുടെ ഹൃദയം അവാച്യമായ ആഹ്ലാദംകൊണ്ടും അഗാധമായ ആദരംകൊണ്ടും വിജൃംഭിതമാകുന്നു.

അങ്ങയുടെ വിശിഷ്ടമായ കഴിവുകളുടേയും, ഞങ്ങളുടെ പേരിൽ അങ്ങയ്ക്കുള്ള അനല്പമായ അനുഭാവബുദ്ധിയുടേയും സ്വാധീനം കൊണ്ടാണ് അക്രമരഹിതവും, അനുകരണീയവും ഭാരതീയാദർശങ്ങൾക്കു തികച്ചും അനുയോജ്യവുമായ രീതിയിൽ ഇന്ത്യായൂനിയനിലേക്ക് ഞങ്ങളുടെ പ്രദേശങ്ങളുടെ ആനുഭവികമായ ലയനം സാധിച്ചത്.

കലുഷമായ ഇന്നത്തെ ലോകത്തിൽ സോത്സാഹം ശാന്തിയുടെ- അതെ, ഇന്ത്യൻ സംസ്കാരത്തിന്റെ പരമസത്തയായ ശാന്തിയുടെ സന്ദേശംമുഴക്കുന്ന അങ്ങയുടെ കഴിവുകളുടെ ഫലമായാണ് അന്താരാഷ്ട്രീയമണ്ഡലത്തിൽ സ്വതന്ത്രഇന്ത്യ സമുന്നതവും ഉത്തരോത്തരം ഗുണപ്രവൃദ്ധവുമായ ഒരു സ്ഥാനം വഹിക്കുന്നത്.

മഹത്തായ ഇന്ത്യയിൽ ലയിപ്പിച്ചിരിക്കുന്നുവെന്നതിനാൽ ഈ ചെറുപട്ടണത്തിലെ ജനങ്ങൾക്ക് ആനന്ദവും അഭിമാനവുമുണ്ട്. മാതൃരാജ്യവുമായുള്ള ഞങ്ങളുടെ ലയനകാര്യത്തിൽ പ്രത്യേകശ്രദ്ധ ചെലുത്തിയ അങ്ങയുടെ പേരിൽ ഞങ്ങൾക്കുള്ള ഹൃദയം നിറഞ്ഞ കൃതജ്ഞതയ ഈ സന്ദർഭത്തിൽ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ഇന്ത്യാ ഗവർമ്മേണ്ടിന്റെ വികസനപദ്ധതികളിൽ ഈ നാട്ടിനെയും ഉൾക്കൊള്ളിച്ചതിൽ ഞങ്ങൾക്ക് അത്യധികമായ സന്തോഷമുണ്ട്. കേന്ദ്രഗവർമ്മേണ്ടിന്നു ഞങ്ങളുടെ നേരെ തികച്ചും അനുഭാവമുണ്ടെന്ന് ഞങ്ങൾക്ക് നല്ലവണ്ണമറിയാം, അതിന്റെ ആദ്യലക്ഷണങ്ങൾ ഞങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. എന്നിരുന്നാലും, സുന്ദരമെങ്കിലും ദരിദ്രമായ ഈ ചെറുപട്ടണത്തിന്റെ അഭിവൃദ്ധിക്കായി പ്രത്യേകശ്രദ്ധ ചെലുത്തണമെന്നു ഞങ്ങൾക്കപേ

ക്ഷയുണ്ട്.

ഇവിടുത്തെ തൊഴിലാളികളുടെ നിലയെ സമുദ്ധരിക്കുവാനുതകുന്ന വ്യവസായശാലകൾ തുറക്കുക, തുറമുഖവികസനം, ഈ നാട്ടിലെ യുവാക്കൾക്ക് ഇന്ത്യയിലെ വിവിധോദ്യോഗങ്ങളിൽ പ്രവേശനം നല്കുക എന്നിവ ഈ നാട്ടിന്റെ സാമ്പത്തികസമുദ്ധരണത്തിനും നാട്ടുകാരുടെ സുഖസൗകര്യങ്ങൾക്കും സഹായകമായ മാർഗ്ഗങ്ങളിൽ ചിലവയാണ്.

ഇന്ത്യയിലെ സ്വതന്ത്രപൗരന്മാരുടെ സർവ്വാവകാശങ്ങളും അനുഭവിക്കുമാറ് ഈ പ്രദേശങ്ങളുടെ നിയമപരമായ ലയനം കാലതാമസമെന്യേ നടത്തിക്കാണണമെന്നു മയ്യഴി നിവാസികൾക്ക് ഉൽക്കണ്ഠയുണ്ട്. എന്നാൽ ഈ നാട്ടിലെ തൊഴിലാളികൾക്കും ഉദ്യോഗസ്ഥന്മാർക്കും പെൻഷ്യൻ ഉദ്യോഗസ്ഥന്മാർക്കും മറ്റും ലഭിച്ചുവരുന്ന സർവ്വവിധ ആനുകൂല്യങ്ങളും നിയമപരമായ ലയനത്തിനുശേഷവും സമഗ്രമായി നിലനിർത്തിക്കാണുവാൻ ഞങ്ങളാഗ്രഹിക്കുന്നു.

പലവിധ വിദ്യാഭ്യാസസ്ഥാപനങ്ങളാലും തനിഭരണക്രമത്താലും പ്രത്യേകതയനുഭവിച്ചുവരുന്ന മയ്യഴിക്കു നിയമപരമായ ലയനത്തിന്നുശേഷം കൂടുതൽ വിസ്തൃതവും വ്യവസായവൽകൃതവും, സാമുൽകൃഷ്ടവുമായ ഒരു പട്ടണമായിത്തീരുവാനുള്ള സാദ്ധ്യതയെ അങ്ങയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുവാൻ ഞങ്ങളാഗ്രഹിക്കുന്നു.

മയ്യഴി നിവാസികളുടെ മേൽപറഞ്ഞ ആവശ്യങ്ങളെ കേന്ദ്ര ഗവർമ്മേണ്ട് വിശാലഹൃദയത്വത്തോടുകൂടി വീക്ഷിക്കുമെന്നു ആഗ്രഹിക്കുന്നതോടൊപ്പം, നമ്മുടെ മാതൃഭൂമിയുടെ ഏകത്വം, അതിന്റെ ഭരണഘടന, അതിന്റെ പതാക എന്നിവയോട് ഈ നാട്ടുകാർക്കുള്ള അവികലമായ കൂറിനേയും അങ്ങയെ അറിയിച്ചുകൊള്ളുന്നു.

ഇന്ത്യയുടെ സമ്പൂർണ്ണമായ ഏകത്വം, ഗോവാ വിമോചനത്തോടുകൂടി മാത്രമേ പ്രാപ്തമാകയുള്ളൂവെന്നാണ് ഞങ്ങൾ കരുതുന്നത്. അങ്ങയുടെ സമർത്ഥമായ രാജ്യതന്ത്രജ്ഞതയാൽ ഗോവയിലെ അസ്വതന്ത്രരായ നമ്മുടെ സഹോദരന്മാർ ഉടനടി മോചിതരാവുമെ

ന്നു ഞങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നു.

അങ്ങയുടെ സമാഗമത്തിൽ ആനന്ദത്താലും ആവേശത്താലും മതിമറന്ന മയ്യഴി ജനതയിതാ വീണ്ടും അങ്ങേയ്ക്ക് സ്വാഗതമോതുന്നു. ചരിത്രപ്രധാനമായ അങ്ങയുടെ ഈ സന്ദർശനം ഞങ്ങളോ രോരുത്തരുടേയും ഹൃദയാന്തരാളത്തിൽ നിത്യനൂതനമായി പ്രശോഭിക്കുന്നതായിരിക്കും.

ഈ സന്ദർശനഭാഗ്യം ഞങ്ങളുടെ നാട്ടിന്ന് തന്നരുളിയ അങ്ങയോട് ഞങ്ങൾക്കുള്ള ഹൃദയംഗമവും ആദരപൂർണ്ണവുമായ കൃതജ്ഞത അങ്ങയെ അറിയിക്കുകയും ചെയ്തുകൊള്ളുന്നു.

ജയ് ഹിന്ദ്

മയ്യഴി — എന്നു, മയ്യഴി മേയർ,
28 ഡിസംബർ 1955 — വളവിൽ കേശവൻ

ഈ മംഗളപത്രം ഫ്രഞ്ച് ഇന്ത്യൻ വിമോചനത്തിനുശേഷവും അസ്വതന്ത്രമായി കഴിയുന്ന പോർച്ചുഗീസധീന ഗോവയുടെ വിമോചനത്തെക്കുറിച്ച് പരാമർശിക്കുന്നു. മാത്രമല്ല, വിമോചിതമയ്യഴിയെ വികസിതനഗരമാക്കി മാറ്റാൻ ആവശ്യമായ വ്യവസായം, തുറമുഖ വികസനം. തുടങ്ങിയ വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇത് ഒരു വെറും മംഗളപത്രമല്ല, മയ്യഴിയിലേക്കുള്ള സ്വാഗതം ആശംസിക്കുന്നതോടൊപ്പം ഇന്ത്യൻ പ്രധാനമന്ത്രിക്കുള്ള മയ്യഴിയുടെ നിവേദനം കൂടിയാണ്.

സ്വതന്ത്ര മയ്യഴിയിലെ രണ്ടാമത്തെ മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടന്നത് 1961-ലാണ്. വി. എൻ. പുരുഷോത്തമൻ, കെ. പി. അബ്ദുൾ കാദർ, കെ. വി. കൃഷ്ണൻ, വി. കെ. അച്യുതൻ വൈദ്യർ, പി. കുമാരൻ, വളവിൽ കേശവൻ, കെ. കെ. അച്യുതൻ, കെ. കെ. പൈതൽ നായർ, കെ. ഇബ്രാഹിംകുട്ടി, പി. വി. കുഞ്ഞിമന്ദൻ എന്നിവരാണ് കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവർ. വി. എൻ. പുരുഷോത്തമൻ മുനിസിപ്പൽ ചെയർമാനായി. ഡെപ്യൂട്ടി മേയർമാരായി കെ. പി. അബ്ദുൾ കാദർ, കേളൻകണ്ടി വേലാണ്ടി കൃഷ്ണൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. സ്പെഷൽ ഡപ്യൂട്ടികളായി വി. കെ. അച്യുതൻ

വൈദ്യർ, പി. എൻ. കുഞ്ഞിമന്ദൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

അടുത്ത തെരഞ്ഞെടുപ്പ് 1968-ൽ നടന്നു. വി. എൻ. പുരുഷോത്തമൻ, വി. കെ. അച്യുതൻ, വൈദ്യർ പി. കുമാരൻ, വളവിൽ കേശവൻ, കെ. കെ. അച്യുതൻ, കെ. കെ. പൈതൽ നായർ, കെ. ഇബ്രാഹിംകുട്ടി,, പി. വി. കുഞ്ഞിമന്ദൻ,എന്നിവരാണ് കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടത്. ഇത്തവണയും വി. എൻ. പുരുഷോത്തമൻ മുനിസിപ്പൽ ചെയർമാനായി.

1968-ലെ തെരഞ്ഞെടുപ്പിനുശേഷം ഒരു തെരഞ്ഞെടുപ്പ് നടക്കുന്നത് 2006-ലാണ്, മുപ്പത്തിയെട്ട് വർഷത്തിനു ശേഷം. അതാവട്ടെ, നിയമപോരാട്ടത്തിലൂടെ നേടിയെടുത്ത തെരഞ്ഞെടുപ്പാണ്. ഈ പോരാട്ടത്തിന്റെ വിവരങ്ങൾ മറ്റൊരു അദ്ധ്യായത്തിൽ നല്കുന്നുണ്ട്.

മയ്യഴിയിലെ മുനിസിപ്പാലിറ്റിക്ക് കൗതുകകരമായ ചില അധികാരങ്ങൾ ഉണ്ടായിരുന്നു. അതിലൊന്ന് മയ്യഴിപ്പുഴയുമായി ബന്ധപ്പെട്ടതാണ്. മയ്യഴിപ്പുഴയാണ് മയ്യഴിയെ അയൽപ്രദേശങ്ങളിൽനിന്ന് വേർതിരിക്കുന്ന ഒരു അതിർത്തി. ഈ പുഴയുടെ അധികാരം മയ്യഴി മുനിസിപ്പാലിറ്റിക്കായിരുന്നു. പുഴയിൽ കുറ്റി നാട്ടി മീൻ പിടിക്കാനുള്ള അവകാശം മുനിസിപ്പാലിറ്റിയാണ് നല്കിയിരുന്നത്. 1959-ൽ ഒളവിലം സ്വദേശിയായ കോട്ടാലച്ചെരിവ് നാരായണൻ, വരക്കൽ സുബ്രഹ്മണ്യൻ, വരക്കൽ രാമകൃഷ്ണൻ എന്നിവർക്ക് അന്നത്തെ മുനിസിപ്പാലിറ്റി ഈ അവകാശം നല്കുന്ന രേഖ കണ്ടെത്തിയിട്ടുണ്ട്. പുഴയുടെ നടുവിൽ വല വിരിക്കുവാനായി ഒമ്പത് കുറ്റികൾ സ്ഥാപിക്കുവാനാണ് അനുമതി കൊടുത്തത്. തടസ്സം കൂടാതെ രണ്ട് വശങ്ങളിലൂടെയും വെള്ളം ഒഴുകിപ്പോകാവുന്ന വിധത്തിലാവണം എന്ന വ്യവസ്ഥയും അനുമതിയോടൊപ്പം പറയുന്നുണ്ട്. മീൻകുത്തക, ആട് വളർത്തൽ, ഗോമാംസക്കുത്തക, വണ്ടിച്ചുങ്കം എന്നിവ മുനിസിപ്പാലിറ്റിയുടെ വരുമാനത്തിന്റെ ഇനങ്ങളായിരുന്നു.

മയ്യഴിയിലെ ജനന-മരണങ്ങളുടെയും വിവാഹത്തിന്റെയും റജിസ്ട്രേഷന്റെ അധികാരം ഫ്രഞ്ച് ഭരണകാലം മുതൽ മുനിസിപ്പാലിറ്റിക്കായിരുന്നു. ഒരു കുടുംബത്തിലെ അംഗങ്ങൾ ആരൊക്കെയെന്ന് രേഖപ്പെടുത്തിയ ലിവ്രേ ദ ഫമീ (Livrét de Famie) എന്ന കുടുംബപുസ്തകം മുനിസിപ്പാലിറ്റി തയ്യാറാക്കി നല്കുമായിരുന്നു.

ഇതിൽ കുടുംബത്തിലെ ഓരോ അംഗത്തിനും ഒരു പേജ് ഉണ്ടാകും. ഇതാണ് ജനനത്തീയതിയുടെ രേഖയായി ഹാജരാക്കിയിരുന്നത്. 1979-ലാണ് ഇന്നു നല്കിവരുന്ന രീതിയിലുള്ള ജനനസർട്ടിഫിക്കറ്റുകൾ നിലവിൽവന്നത്. ക്രിസ്തുമതവിശ്വാസികളായവരുടെ ജ്ഞാനസ്നാനം, വിവാഹം, മരണം എന്നിവയിലെല്ലാം പള്ളിയുടെ സ്ഥാനം പരമപ്രധാനമാണ്. അവയുടെയൊക്കെ രേഖ പള്ളി സൂക്ഷിക്കുകയും ചെയ്യും. എന്നാൽ ക്രിസ്തുമതവിശ്വാസികളുടെ ജ്ഞാനസ്നാനത്തിന്റെ സാക്ഷ്യപത്രം നല്കാനുള്ള അധികാരവും മയ്യഴിയിൽ മുനിസിപ്പാലിറ്റിക്കായിരുന്നു.

1960-ലെ മുനിസിപ്പൽ കൗൺസിൽ യോഗത്തിൽ സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട ഒരു തീരുമാനം കൈക്കൊള്ളുന്നുണ്ട്. മുൻകൗൺസിലർമാർക്കും മുൻകൗൺസിലർമാരുടെ വിധവകൾക്കും പ്രതിമാസം പതിനഞ്ച് രൂപ സഹായധനമായി നല്കാനുള്ള തീരുമാനമാണത്. ഈ കാലഘട്ടത്തിൽ കൗൺസിലർമാർക്ക് ശമ്പളം ഉണ്ടായിരുന്നില്ല. കൗൺസിലർമാരിൽ ചിലരെങ്കിലും സാമ്പത്തികമായി സുരക്ഷിതമായ അവസ്ഥയിലായിരുന്നില്ല.

സ്വതന്ത്ര മയ്യഴിയിലെ മുനിസിപ്പാലിറ്റി കൈകാര്യം ചെയ്ത വിഷയങ്ങളും ഇടപെടൽ നടത്തിയ പ്രശ്നങ്ങളും എന്തൊക്കെയെന്ന് നോക്കാം. ചുവടെ കൊടുത്ത, 1960-കളിൽ മുനിസിപ്പൽ കൗൺസിൽ കൈക്കൊണ്ട ചില തീരുമാനങ്ങൾ അതിലേക്ക് വെളിച്ചംവീശും.

- പള്ളൂരിൽ ശ്മശാനം നിർമ്മിക്കുവാൻ ആറായിരം രൂപ വകയിരുത്തി.

- മയ്യഴി കോടതിയിൽ വരുന്നവർക്ക് ഇരിക്കുവാൻ സൗകര്യമില്ലാത്തതിനാൽ രണ്ട് ചാരുബെഞ്ച് നല്കുവാനും മോശമായ കസേരകൾ നന്നാക്കുവാനും തീരുമാനിച്ചു.

- സ്വകാര്യവ്യക്തികളുടെ കക്കൂസുകൾ വൃത്തിയാക്കി മലം എടുത്തുകൊണ്ടുപോകുന്ന ജോലി മുനിസിപ്പാലിറ്റി അംഗീകരിച്ച തോട്ടികളെക്കൊണ്ട് മാത്രമേ ചെയ്യിക്കാവൂ എന്ന് നിർദ്ദേശിച്ച് പുതുച്ചേരിയിലെ പൊതുമരാമത്ത് മേധാവിക്ക് കത്തയക്കാൻ തീരുമാനിച്ചു.

- മുനിസിപ്പാലിറ്റി ജീവനക്കാരുടെ ആശുപത്രിച്ചെലവിന്റെ അമ്പതു ശതമാനം മുനിസിപ്പാലിറ്റി നല്കാൻ തീരുമാനിച്ചു.

- അറവുമൃഗങ്ങളെ മൃഗഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. മൃഗാശുപത്രി പള്ളൂരിലും അറവ് നടക്കുന്നത് മയ്യഴിയിലുമാണ്. ഇതിലെ പ്രയാസം പരിഹരിക്കാൻ മയ്യഴിയിലെ ഡോക്ടർമാർ അറവുമൃഗങ്ങളെ പരിശോധിച്ചാൽ മതിയെന്നും പരിശോധന നടത്തുന്ന ഡോക്ടർക്ക് 25 രൂപ അലവൻസായി നല്കാനും തീരുമാനിച്ചു.

- കള്ള് ചെത്തുന്ന ഓരോ തെങ്ങിനും വർഷത്തിൽ ഒരു രൂപ നികുതി ചുമത്താൻ തീരുമാനിച്ചു

- സർക്കാർ ജീപ്പ് കേടായതിനാൽ പന്തക്കൽ, പള്ളൂർ, ചെമ്പ്ര, ചാലക്കര വാർഡുകളിലെ കൗൺസിലർമാർക്ക് യോഗത്തിൽ പങ്കെടുക്കാനായി കാർ വാടകയ്ക്കെടുത്തു. ഈ കാറിന്റെ രണ്ട് ദിവസത്തെ വാടക ഇനത്തിൽ മുപ്പത്തിയേഴ് രൂപ വകയിരുത്തി.

- മയ്യഴി പാതാറിനെ ആകർഷകമാക്കാൻ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു.

- കടലിൽ മത്സ്യം കിട്ടാത്തതിനാൽ ദുരിതം അനുഭവിക്കുന്നവർക്ക് കഞ്ഞിപ്പകർച്ച അനുവദിക്കുവാൻ പുതുച്ചേരി സർക്കാരിനോട് അഭ്യർത്ഥിച്ചു.

- കല്ലായിയിലെ ചുങ്കം ഓഫീസ് പൂട്ടിയതിനാൽ മാഹിയിൽ ഒരു കസ്റ്റംസ് ഓഫീസ് തുടങ്ങാൻ പുതുച്ചേരി സർക്കാരിനോട് ആവശ്യപ്പെട്ടു.

- മയ്യഴിയിലെ അഡ്മിനിസ്ട്രേറ്റർ ശ്രീ. ബർക്കത്തലി ഐ. എ. എസ്-ന് യാത്രയയപ്പ് നല്കാൻ മുന്നൂറ് രൂപ അനുവദിച്ചു.

- 1960 നവംബർ പത്ത് മുതൽ മുപ്പത് വരെ മാഹിപ്പാലം റിപ്പേർ ചെയ്യുന്നതിനാൽ മാഹിയിലൂടെ വാഹനഗതാഗതം ഉണ്ടായിരുന്നില്ല. അതിനാൽ മയ്യഴിയിലെ വണ്ടിച്ചുങ്കക്കുത്തകക്കാരനായ രാമൂട്ടി മകൻ ചിറ്റമ്മൽ കാരായി കൃഷ്ണന് ചുങ്കത്തിലുള്ള നഷ്ടം ഒഴിവാക്കിക്കൊടുത്തു.

- 1961 ഫെബ്രുവരി 8-ന് തിലക് മെമ്മോറിയൽ റീഡിംഗ് റൂം ഒരു നാടകം മൈതാനത്തുവെച്ച് നടത്തിയിരുന്നു. അതിന് സ്ഥല വാടക ക്ലബ്ബിൽനിന്ന് വസൂലാക്കണം.

- മയ്യഴിയിലെ സിനിമാശാലയായിരുന്ന ശോഭ പിക്ചർ ഹൗസ് ഉടമസ്ഥൻ വിനോദനികുതി പതിനഞ്ച് ശതമാനത്തിൽ നിന്ന് എട്ട് ശതമാനമായി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടത് പരിഗണനയ്ക്ക് വെച്ചു. തീരുമാനം മാറ്റിവെച്ചു.

- കേരളത്തിൽ കൊടുക്കുന്നതുപോലെ എഴുപത് വയസ്സ് കഴിഞ്ഞവർക്ക് ജീവിക്കുവാനുള്ള സഹായം നല്കണമെന്ന് തീരുമാനിച്ചു.

- 1963 ജനവരി മുതൽ മുനിസിപ്പൽ ജീവനക്കാരുടെ മൈനറായ മക്കൾക്ക് പത്തുരൂപ പ്രതിമാസം നല്കുവാൻ തീരുമാനിച്ചു.

- മയ്യഴിയിലെ പന്ത്രണ്ട് വാർഡുകളിലും റേഡിയോ സ്ഥാപിക്കുവാനും സ്ഥാപിച്ച റേഡിയോവിന് തകരാർ വല്ലതും ഉണ്ടായാൽ റിപ്പേർ ചെയ്യണമെന്നും തീരുമാനിച്ചു.

- മയ്യഴിയിലെ കയർ തൊഴിലാളി സഹകരണസംഘത്തിന് ചകരി പൂഴ്ത്താൻ കൊല്ലത്തിൽ ഇരുപത് രൂപ നിരക്കിൽ വാടകയ്ക്ക് സ്ഥലം അനുവദിച്ചു.

- രവീന്ദ്രനാഥ ടാഗോറിന്റെ ജന്മശതവാർഷികത്തിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ചാലക്കരയിൽ ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുവാനും അതിന് ടാഗോർ പാർക്ക് എന്ന് നാമകരണം ചെയ്യാനും തീരുമാനിച്ചു.[4]

- കവി സുബ്രഹ്മണ്യ ഭാരതിയാരുടെ ഓർമ്മയ്ക്കായി ആനവാതുക്കലിൽനിന്ന് സിമിത്തേരി റോഡിലേക്ക് പോകുന്ന റോഡിന് സുബ്രഹ്മണ്യ ഭാരതിയാർ റോഡ് എന്ന് നാമകരണം ചെയ്യാൻ തീരുമാനിച്ചു.

- മത്സ്യം കൊണ്ടുപോകുന്ന കാവുകാരിൽ നിന്ന് പിരിച്ചിരുന്ന ചുങ്കം നിറുത്തലാക്കാൻ തീരുമാനിച്ചു.

[4] ചാലക്കരയിൽ ചിൽഡ്രൻസ് പാർക്ക് ഉണ്ടായില്ല. മയ്യഴി പാതാറിനെ ടാഗോർ പാർക്കായി പിൽക്കാലത്ത് നാമകരണം ചെയ്തു.

- തിലക് മെമ്മോറിയൽ റീഡിംഗ് റൂമിന്റെ വാടക പ്രതിമാസം 15 രൂപയിൽനിന്ന് ഇരുപത് രൂപയാക്കി 1962 മുതൽ 1967-വരെ കരാർ പുതുക്കി.

- ചൂടിക്കൊട്ട ദേശത്ത് സിംഗിൾ ടീച്ചർ സ്കൂൾ വേണമെന്ന പി. കെ. രാമന്റെ ആവശ്യം അംഗീകരിച്ചു.

- ഹാജിയാറവിട കുഞ്ഞിമറിയം എന്നവരുടെ ആട് 1961 മാർച്ച് മാസം 22-ന് മുനിസിപ്പാലിറ്റിയുടെ മൃഗാലയത്തിൽവെച്ച് മരിച്ചുപോയി. അതിന്റെ നഷ്ടപരിഹാരമായി മുപ്പത്തിയഞ്ച് രൂപ അനുവദിച്ചു.

- മയ്യഴിയിൽ മൈതാനം ഉണ്ടാക്കുവാനായി പ്ലാസ് ദാംസ് സർക്കാരിന് കൈമാറാൻ തീരുമാനിച്ചു.[5]

- നാലുതറയിൽ സ്പിന്നിംഗ് മിൽ തുടങ്ങുവാനായി കണ്ടെത്തിയ ആറ് ഏക്കർ സ്ഥലത്തുള്ള മൂന്ന് മുനിസിപ്പൽ ഇടവഴികൾ മില്ലിന് വിട്ടുകൊടുക്കുവാൻ തീരുമാനിച്ചു.

- പതിനേഴ് വർഷമായി മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്യുന്ന വാഴയിൽ കുഞ്ഞാപ്പുവിനെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു.[6]

- മുനിസിപ്പാലിറ്റി മയ്യഴിയിൽനിന്ന് ശേഖരിക്കുന്ന കാട്ടം, മലം മുതലായവ ഉപയോഗിച്ച് വളം നിർമ്മിക്കാൻ ആയിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ പുതുച്ചേരി സർക്കാർ അനുവദിച്ച വിവരം കൗൺസിലിനെ അറിയിച്ചു.

- പുതുതായി എടുപ്പുകൾ പണിയുമ്പോൾ എടുപ്പിന്റെ മാതൃകയടങ്ങിയ രണ്ട് പകർപ്പുകൂടി വാങ്ങാൻ തീരുമാനിച്ചു.

- ഇന്ത്യാ രാജ്യത്ത് ഭ്രാന്തൻ നായകളുടെ ശല്യം കൂടുതലായതിനാൽ ബഡ്ജറ്റിൽ 400ക കൂടി വകയിരുത്തിയിരിക്കുന്നു. നായപിടുത്തക്കാർക്ക് രണ്ട് ഉറുപ്പികയിൽ കൂടാത്ത തുക നല്കാൻ തീരുമാനിച്ചു.

[5] മയ്യഴിയിൽ കോളേജ് തുടങ്ങുമ്പോൾ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഉണ്ടായിരുന്നില്ല. കളിസ്ഥലമായി മൈതാനമാണ് കാണിച്ചത്. അതോടെയാണ് മൈതാനം കോളേജ് ഗ്രൗണ്ട് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്.

[6] ഫ്രഞ്ചുകാരുടെ കാലം മുതൽ തെരുവുവിളക്ക് വൃത്തിയാക്കുകയും കത്തിക്കുകയും ചെയ്യുന്ന ജോലി ചെയ്തിരുന്നത് കുഞ്ഞാപ്പുവാണ്.

- മയ്യഴി കമ്മ്യൂണിൽ ടാക്സി സ്റ്റാൻഡ് ഇല്ലാത്തതിനാൽ പാലത്തിനടുത്താണ് ടാക്സികൾ വെക്കുന്നത്. ഇത് വാഹനതടസ്സം ഉണ്ടാക്കുന്നതിനാൽ പോസ്റ്റ് ഓഫീസ് റോഡിൽ ടാക്സി വെക്കേണ്ടതാണ്.

- ശ്മശാനത്തിന് അടുത്തുള്ള പ്രൊട്ടസ്റ്റന്റുകാരുടെ ശ്മശാനം പ്രോട്ടസ്റ്റന്റ് കുടുംബങ്ങൾ ഇല്ലാത്തതിനാൽ മുനിസിപ്പാലിറ്റി ഏറ്റെടുത്തു.

- പൊയിൽ മീത്തൽ, പള്ളൂരിന് കിഴക്ക് പാറേമ്മൽ, പാറാൽ റോഡിന് സമീപം എന്നിവിടങ്ങളിൽ ഗവൺമെന്റ് തലത്തിൽ പ്രാഥമികവിദ്യാലയങ്ങൾ തുടങ്ങേണ്ടതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

- മുനിസിപ്പാലിറ്റി വക ഒരു ബസ്സ് സർവീസ് നടത്തുവാൻ വേണ്ടിവരുന്ന 50,000 ക കടമായി തരണമെന്നുള്ള നമ്മുടെ ആവശ്യം സർക്കാർ തള്ളി.

- ഇന്നുള്ള അനാഥമന്ദിരം ഉപയോഗശൂന്യമായതിനാൽ പ്രസ്തുത സ്ഥലത്തുനിന്ന് മന്ദിരം ചെറുകല്ലായിലുള്ള മുനിസിപ്പാലിറ്റിയുടെ സ്ഥലത്തേക്ക് മാറ്റുവാൻ ആവശ്യപ്പെട്ടു.

- താത്തക്കുളം ശുദ്ധജലവിതരണത്തിനായി സ്ഥലം വാങ്ങുവാൻ അനുവദിച്ച സംഖ്യയായ 2738 ക. ഗ്രാൻഡ് ഇൻ എയ്ഡിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

- മുൻ ഫ്രഞ്ചധീനപ്രദേശങ്ങളുടെ ലയനം സംബന്ധിച്ചുള്ള കരാർ ഫ്രഞ്ച് ഗവൺമെന്റ് അംഗീകരിച്ചതിൽ ഫ്രഞ്ച് ഗവൺമെന്റിനെ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

- കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലുള്ള പുതുശ്ശേരി സ്റ്റേറ്റിൽത്തന്നെ മയ്യഴി നിലനിർത്തണമെന്ന് യോഗം ഐക്യകണ്ഠേന ഇന്ത്യാ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചു.

- ഇപ്പോൾ മെറി ഓഫീസിൽ സെക്രട്ടറിയായി ജോലി ചെയ്യുന്ന അമ്മാഞ്ചേരി പുരുഷോത്തമന്റെ അലവൻസ് കൂട്ടുവാൻ തീരുമാനിച്ചു.

- തിലക് മെമ്മോറിയൽ റീഡിങ് റൂം ആൻഡ് സ്പോർട്സ് ക്ലബ് ഇലക്ട്രിഫൈ ചെയ്യുവാൻ കമ്മിറ്റിയെ അനുവദിച്ചു.

- അഞ്ചരക്കണ്ടി വാട്ടർ സപ്ലൈ സ്കീം പ്രകാരം ഒരു വാട്ടർ ടാങ്ക് കെട്ടുവാൻ മുനിസിപ്പാലിറ്റിയുടെ ശ്മശാനസ്ഥലം സർക്കാരിന് നല്കാൻ തീരുമാനിച്ചു.

- ചൈനീസ് ആക്രമികളെ നമ്മുടെ പുണ്യഭൂമിയിൽനിന്ന് തുരത്തുവാനുള്ള സമരത്തിൽ രക്തസാക്ഷികളായ നമ്മുടെ സഹോദരന്മാരുടെ പാവനസ്മരണയ്ക്കുമുന്നിൽ യോഗം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

- 1962 ജനുവരി മാസം പന്ത്രണ്ടാം തീയതി മയ്യഴി കടപ്പുറത്ത് അഗ്നിബാധ ഉണ്ടായത് ശമിപ്പിക്കാൻവേണ്ടി കേരളത്തിലെ ഫയർ സർവീസ് ഉപയോഗിച്ച പത്ത് കുപ്പി പെട്രോളിന്റെ വില 7 ക. വകയിരുത്തുന്നു.

- മുനിസിപ്പാൽ മേസ്ത്തിരിയുടെ പ്രവർത്തികൾ നടത്തുന്ന ഹംസയെ 30 വയസ്സിൽ കൂടുതൽ പ്രായം ഉള്ളതിനാൽ സ്ഥിരപ്പെടുത്താൻ സാധിക്കില്ല. അതുകൊണ്ട് 1962 ഡിസംബർ മാസം ഒന്നു മുതൽ 80 ക. മാസശമ്പളം നല്കേണ്ടതാണ്. ഈ ഉദ്യോഗസ്ഥൻ സിലോണിൽനിന്ന് അവിടത്തെ കുടിയേറിപ്പാർപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലേക്ക് അയക്കപ്പെട്ട അഭയാർത്ഥിയാണ്.

- ചൂടിക്കൊട്ട റോഡിന്റെ വടക്കുഭാഗത്ത് മുക്കത്ത് ഇടവഴിയോട് ചേർന്ന് കക്കൂസ് നിർമ്മിക്കുവാൻ 700 സ്ക്വയർ ഫീറ്റ് സ്ഥലം വിട്ടുകൊടുക്കാൻ തീരുമാനിച്ചു

- സ്പിന്നിംഗ് മില്ലിനുവേണ്ടി നല്കുന്ന ഇടവഴികളുമായി ബന്ധപ്പെട്ട കരാർ മേയർ പുരുഷോത്തമനും കമ്പനി മാനേജിംഗ് ഡയറക്ടർ കായ്യത്ത് ദാമോദരനും കൂടി ഒപ്പിട്ടു.

- മുനിസിപ്പൽ ഇടവഴി സമ്മതം ഇല്ലാതെ മരം ഈരുവാൻ ഉപയോഗിച്ചതിന് പൂവാച്ചേരി കൃഷ്ണൻ നമ്പ്യാരുടെ പേരിൽ നടപടിയെടുക്കാൻ തീരുമാനിച്ചു.

- മുനിസിപ്പൽ സ്ഥലങ്ങളിൽ സ്വന്തം ആവശ്യത്തിന് കല്ല് മരം സൂക്ഷിക്കുന്നതിന് സ്ഥലവാടക വസൂൽ ചെയ്യാൻ തീരുമാനിച്ചു.

- മാഹിയിൽ നിർത്തുന്ന ബസ്സ്, ലോറി, മോട്ടോർ കാർ എന്നിവയ്ക്ക് 25 ന. പ. പിടിക്കുവാൻ തീരുമാനിച്ചു. ഈ വാഹനങ്ങൾ പള്ളിക്ക് സമീപം നിർമ്മിക്കുന്ന ബസ്സ് സ്റ്റാൻഡിൽ നിർത്തേണ്ടതാണ്.

- മയ്യഴിയിലേക്ക് കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതുമായ ഉണക്കമീനിനും പച്ചമീനിനും കൊട്ടയ്ക്ക് മൂന്ന് പൈസയും കെട്ടിന് ആറ് പൈസയും വസൂൽ ചെയ്യാൻ തീരുമാനിച്ചു.

- പ്ലംബർമാർക്ക് മാസത്തിൽ 75 രൂപയും ഹെല്പർമാർക്ക് മാസത്തിൽ 50 രൂപയും അനുവദിച്ചു.

സുദീർഘമായ ഇടവേളയ്ക്കുശേഷം 2006-ൽ നടന്ന തെരഞ്ഞെടുപ്പിലെ മത്സരത്തിന്റെ വിവരങ്ങളോടെ ഈ അദ്ധ്യായം അവസാനിപ്പിക്കാം. മുനിസിപ്പൽ ചെയർമാനെയും വാർഡ് കൗൺസിലറെയും തെരഞ്ഞെടുക്കാനായി രണ്ട് വോട്ടുകളാണ് ഓരോ സമ്മതിദായകനും ഉള്ളത്. 2006-ൽ മുനിസിപ്പൽ ചെയർമാൻ സ്ഥാനത്തേക്ക് മൂന്ന് പ്രധാനപ്പെട്ട രാഷ്ട്രീയപ്പാർട്ടികളുടെ സ്ഥാനാർത്ഥികളാണ് മത്സരിച്ചത്. രമേശ് പറമ്പത്ത് (കോൺഗ്രസ്സ്), അഡ്വ. അശോക് കുമാർ,(സി. പി. ഐ.-എം) വി. ബാലൻ, (ബി. ജെ. പി.) എന്നിവരായിരുന്നു സ്ഥാനാർത്ഥികൾ. കോൺഗ്രസ്സിന്റെ രമേശ് പറമ്പത്ത് വിജയിക്കുകയും മുനിസിപ്പൽ ചെയർമാനാവുകയും ചെയ്തു.

**വാർഡ് കൗൺസിലർ സ്ഥാനത്തേക്ക് മത്സരിച്ചവർ:**

1. ഒന്നാം വാർഡ് - പൂഴിത്തല.
   എ. പി. ശ്രീജ (കോൺഗ്രസ്സ്) ലിനി പീറ്റർ (സി. പി. എം.) ലത (ബി. ജെ. പി.)
   വാർഡ് കൗൺസിലർ: എ. പി. ശ്രീജ

2. രണ്ടാം വാർഡ് -ചൂടിക്കൊട്ട.
   പി. പി. വിനോദൻ (കോൺഗ്രസ്സ്) റാഷിദ് ചൂടിക്കൊട്ട (സി. പി. എം.) ശ്രീലേഷ് (ബി. ജെ. പി.)
   വാർഡ് കൗൺസിലർ: പി. പി. വിനോദൻ

3. മൂന്നാം വാർഡ് - വളവിൽ.
   വി. കാർത്യായനി (സി. പി. എം.) വിജിഷ (കോൺഗ്രസ്സ്.)

റംല (ബി. ജെ. പി.)
വാർഡ് കൗൺസിലർ: വി. കാർത്യായനി

4. നാലാം വാർഡ് - മുണ്ടോക്ക്.
പള്ളിയൻ പ്രമോദ് (സി. പി.എം.) സിദ്ദിഖ് ഷാലിമാർ (കോൺഗ്രസ്സ്) പ്രദീപ് കുമാർ (ബി. ജെ. പി.)
വാർഡ് കൗൺസിലർ: പള്ളിയൻ പ്രമോദ്

5. അഞ്ചാം വാർഡ് - മഞ്ചക്കൽ.
സൈനബ മനോളി (സി. പി. എം). ജസീന മുസ്തഫ (കോൺ ഗ്രസ്സ്)
വാർഡ് കൗൺസിലർ: സൈനബ മനോളി

6. ആറ് (എ) വാർഡ് - ചെറുകല്ലായി.
കെ. വി. ശോഭ (സി. പി. എം.) രതി കോട്ടായി (കോൺഗ്രസ്സ്)
വാർഡ് കൗൺസിലർ: കെ. വി. ശോഭ

7. ആറാം വാർഡ് -ചാലക്കര.
സത്യൻ കേളോത്ത് (കോൺഗ്രസ്സ്.) അഡ്വ. എ. പി. അശോകൻ (എൻ. സി. പി.) രാഘവൻ (ബി. ജെ. പി.)
വാർഡ് കൗൺസിലർ: സത്യൻ കേളോത്ത്

8. ഏഴാം വാർഡ് - ചെമ്പ്ര.
ഉത്തമൻ തിട്ടയിൽ (കോൺഗ്രസ്സ്.) ടി. സി. പ്രദീപൻ (സി. പി. എം.) മഹേന്ദ്രൻ (ബി. ജെ. പി.)
വാർഡ് കൗൺസിലർ: ഉത്തമൻ തിട്ടയിൽ

9. എട്ടാം വാർഡ് - സൗത്ത് പള്ളൂർ.
ശോഭ പി. ടി. സി. (കോൺഗ്രസ്സ്.) ലത (സി. പി. എം.) വാഹിദ (ബി. ജെ. പി.)
വാർഡ് കൗൺസിലർ: പി. ടി. സി. ശോഭ

10. ഒമ്പതാം വാർഡ് - ഈസ്റ്റ് പള്ളൂർ.
ഇ. വി. നാരായണൻ (കോൺഗ്രസ്സ്.) കെ. രാഘവൻ (എൻ. സി. പി.) കാട്ടിൽ പുഷ്പൻ (ബി. ജെ. പി.)
വാർഡ് കൗൺസിലർ: ഇ. വി. നാരായണൻ

11. പത്താം വാർഡ് - പള്ളൂർ.
അഹമ്മദ് ബഷീർ (മുസ്ലിം ലീഗ്) പ്രകാശൻ (സി. പി. എം.) വി.

പ്രമോദ് (ബി. ജെ. പി.)
വാർഡ് കൗൺസിലർ: അഹമ്മദ് ബഷീർ

12. പതിനൊന്നാം വാർഡ് - കോഹിനൂർ.
കണ്ണിപ്പൊയിൽ ബാബു (സി. പി. എം.) കാഞ്ചന നാണു (കോൺഗ്രസ്സ്.) പ്രീത എൻ. കെ. (ബി. ജെ. പി.)
വാർഡ് കൗൺസിലർ: കണ്ണിപ്പൊയിൽ ബാബു.

13. പന്ത്രണ്ടാം വാർഡ് - കൊയ്യോട്ടുതെരു.
വടക്കൻ ജനാർദ്ദനൻ (സി. പി. എം.). വി. പി. മഹേന്ദ്രൻ (കോൺഗ്രസ്സ്.) റോഷ്ണി (ബി. ജെ. പി.)
വാർഡ് കൗൺസിലർ: വടക്കൻ ജനാർദ്ദനൻ

14. പതിമൂന്നാം വാർഡ് - പന്തക്കൽ.
ടി. കെ. ഗംഗാധരൻ (സി. പി. എം.) സത്യാനന്ദൻ കെ (കോൺഗ്രസ്സ്.) പി. ബിജു (ബി. ജെ. പി.)
വാർഡ് കൗൺസിലർ: ടി. കെ.ഗംഗാധരൻ

15. പതിനാലാം വാർഡ്- മൂലക്കടവ്.
മോഹനൻ കെ. വി. (കോൺഗ്രസ്സ്.) മമ്പള്ളി മോഹനൻ (സി. പി. എം.) കെ. ദാസൻ (ബി. ജെ. പി.)
വാർഡ് കൗൺസിലർ: മോഹനൻ കെ. വി